13/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 1761*(2)/2020*/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **14555**/എസ്.ഐ.സി-ജി 6/20)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ഡോ.റോജാസ് എം.മാത്യു,
ഉപ്പുമാക്കൽ ഹൗസ്,
അതരമ്പുഴ പി.ഒ., കോട്ടയം,
പിൻ – 686 562. } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
വില്ലേജാഫീസർ,
വില്ലേജാഫീസ്,പിറവം.

2. അപ്പീൽ അധികാരി&
തഹസിൽദാർ,
താലൂക്ക് ഓഫീസ്, മൂവാറ്റുപുഴ.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 07.07.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 30.07.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 06.08.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 27.08.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 12.12. 2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 16.12. 2020 |
| ഹിയറിംഗ് നടന്ന തീയതി | 10.01.2023, ആലുവ പാലസ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ, എറണാകുളം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

**അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.**

2. അപ്പീൽ ഹർജിക്കാരൻ 07.07.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

a) തണ്ടപ്പേർ നമ്പർ 1106M–തണ്ടപ്പേർ പകർപ്പ് മുഴുവൻ ഒടുക്കു വിവരത്തോടു കൂടിയത് നൽകണമെന്നും

b)തണ്ടപ്പേർ നമ്പർ 2082M –തണ്ടപ്പേർ പകർപ്പ് മുഴുവൻ ഒടുക്കു വിവരത്തോടു കൂടിയത് നൽകണമെന്നും

c) തണ്ടപ്പേർ നമ്പർ 5140M –തണ്ടപ്പേർ പകർപ്പ് മുഴുവൻ ഒടുക്കു വിവരത്തോടു കൂടിയത് നൽകണമെന്നും

d) തണ്ടപ്പേർ നമ്പർ 3326M –തണ്ടപ്പേർ പകർപ്പ് മുഴുവൻ ഒടുക്കു വിവരത്തോടു കൂടിയത് നൽകണമെന്നും

e) തണ്ടപ്പേർ നമ്പർ 3290M –തണ്ടപ്പേർ പകർപ്പ് മുഴുവൻ ഒടുക്കു വിവരത്തോടു കൂടിയത് നൽകണമെന്നുമാണ്.

ആയതിന് 30.07.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് അയയ്ക്കുന്നുവെന്നുമാണ്.

3.ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 27.08.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപ്പീലിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനായി പിറവം വില്ലേജ് ഓഫീസിലെ പൊതു വിവരാവകാശ അധികാരിയിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുകയും അപ്പീൽ ഹർജിക്കാരനെ നേരിൽ കേൾക്കുന്നതിന് 24.08.2020ൽ ഹാജരാകുന്നതിന് നോട്ടീസ് നൽകുകയും ചെയ്തുവെന്നാണ്.

അപ്പീൽ ഹർജിക്കാരൻ നേരിൽ ഹാജരാകുകയും ടിയാന് എസ്.പി.ഐ.ഒ. 30.07.2020ൽ നൽകിയ പിറവം വില്ലേജ് ഓഫീസിലെ 1106 നമ്പർ തണ്ടപ്പേരു പകർപ്പിലെ ഒടുക്കു വിവരം പൂർണ്ണമല്ല എന്നും 2016–17ലെ

നികുതി ഒടുക്കു വിവരം മാത്രമാണ് പകർപ്പിൽ രേഖപ്പെടുത്തിയിരിക്കുന്ന തെന്നും മുൻകാലങ്ങളിൽ ഭൂനികുതി ഒടുക്കിയതു സംബന്ധിച്ച് രേഖപ്പെടുത്തിയ വിവരങ്ങളാണ് ഹർജിക്കാരന് ആവശ്യമുള്ളതെന്നും ബോധിപ്പിച്ചു. ഹർജിക്കാരൻ ആവശ്യപ്പെട്ട 1106 നമ്പർ തണ്ടപ്പേരിന്റെയും ഒടുക്കു വിവരമടങ്ങിയ പേജിന്റേയും ഫോട്ടോ കോപ്പി തന്നെയാണ് സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ളതെന്ന് 21.08.2020 പ്രകാരം പിറവം വില്ലേജ് ഓഫീസിലെ പൊതുവിവരവകാശ അധികാരി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നാണ്.

അപ്പീൽ ഹർജിക്കാരൻ പിറവം വില്ലേജ് ഓഫീസിലെ എസ്.പി.ഐ.ഒ. മുമ്പാകെ സമർപ്പിച്ച അപേക്ഷ, ആയതിന് ലഭിച്ച മറുപടി, എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ട്, അപ്പീൽ ഹർജി എന്നിവ പരിശോധിച്ചതിൽ നിന്നും ഹർജിക്കാരനെ നേരിൽ കേട്ടതിൽ നിന്നും ടിയാൻ ആവശ്യപ്പെട്ട പ്രകാരം പിറവം വില്ലേജ് ഓഫീസിലെ എസ്.പി.ഐ.ഒ. നൽകിയ മറുപടി നിയമാനുസൃതമാണെന്നു കാണുന്നുവെങ്കിലും ഹർജിക്കാരന്റെ ആവശ്യം പരിഗണിച്ച് മുൻകാലഘട്ടങ്ങളിലെ ഭൂനികുതി ഒടുക്കിയ വിവരങ്ങൾ ഉൾക്കൊള്ളുന്ന മുൻ തണ്ടപ്പേർ ബുക്ക് പിറവം വില്ലേജ് ഓഫീസിലെ പൊതു വിവരാവകാശ അധികാരിയുടെ പക്കൽ ലഭ്യമാണെങ്കിൽ ആയതിന്റെ പകർപ്പ് സൗജന്യമായി ഈ ഉത്തരവ് കൈപ്പറ്റി 5 ദിവസത്തിനുള്ളിൽ ടിയാന് നൽകുന്നതിന് പിറവം വില്ലേജ് ഓഫീസിലെ പൊതു വിവരാവകാശ അധികാരിയ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കി ഉത്തരവായെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും നൽകിയിട്ടുണ്ടെന്ന് കമ്മീഷനു ബോധ്യമാകുന്നു. കൂടാതെ പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കണമെന്നും പകർപ്പ് ഹർജിക്കാരനയച്ചു

കൊടുക്കണമെന്നും കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 23–ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി(ധനകാര്യം)
Ge/